# മധുരധന്യമായ ജീവിതസാദ്ധ്യത

ഡോ.തോമസ് പാറയ്ക്കൽ

## മംഗളവാർത്തക്കാലം രണ്ടാം ഞായർ, ലൂക്കാ 1:26–38

ഈശോ പരിശുദ്ധ കന്യകാമറിയത്തിൽനിന്നു ജനിച്ചു. അവിടുന്നു ദൈവപുത്രനാണ്. പരിശുദ്ധാത്മാവുമൂലം ഉരുവാക്കപ്പെട്ടവൻ അത്യുന്നതന്റെ പുത്രനും വലിയവനുമാണ്. അവസാനമില്ലാത്ത രാജ്യത്തിന്റെ ഭരണം കൈയാളേണ്ടവനാണ്; ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് യാക്കോബിന്റെ ഭവനത്തെ ഭരിക്കേണ്ടവൻ. ഈശോയുടെ ദൈവപുത്രത്വത്തിന്റെവെളിപ്പെടുത്തലാണു മറിയത്തിനു ലഭിച്ച മംഗളവാർത്ത.ഏലീശ്വായുടെ ഗർഭധാരണത്തിന്റെ ആറാം മാസത്തിലാണ് ഗബ്രിയേൽദൂതൻ മറിയത്തെ സന്ദർശിച്ച് അഭിവാദനം ചെയ്യുന്നത്. മുന്നോടിയിൽ നിന്നു രക്ഷകനിലേക്കുള്ള ദൂരമാണ് ആറുമാസം. കാലത്തിന്റെ കണക്കിലാണ് രക്ഷയും രക്ഷയുടെ സദ്വാർത്തയും കുറിക്കപ്പെട്ടിരിക്കുന്നത്. രക്ഷയുടെയും രക്ഷകന്റെ ഇടപെടലുകളുടെയും മാനങ്ങൾ വ്യത്യസ്തമാണ്.

ഈ കാലവ്യത്യസ്തത ദൈവത്തിന്റെ കണക്കാണ്; മനുഷ്യന്റേതല്ല. മനുഷ്യന്റെ കണക്കുകൂട്ടലുകൾക്കതീതമാണ് ദൈവം നല്കുന്ന രക്ഷയും സന്ദർശനവും. ചുറ്റുമുള്ളവരുടെ ജീവിതങ്ങൾ ദൈവികരക്ഷയിൽ വലയം ചെയ്യപ്പെടുമ്പോഴും നീ കാത്തിരിക്കുക. നിന്റെ ചുറ്റുവട്ടത്തിലുള്ളവർക്കെന്നപോലെ നിനക്കുവേണ്ടിയും ഒരു ആറാംമാസം കരുതുന്നവനാണ് ദൈവം. സഹനത്തിനു ഗദ്സമേനിലൊരുങ്ങുന്ന ക്രിസ്തുശിഷ്യരിൽനിന്ന് ഒരു കല്ലേറുദൂരം അകലം പാലിച്ചു. പിറവിക്കുരുടൻ ചേറുപൂശിയ കണ്ണുകളോടെ കർത്താവിന്റെ നിർദ്ദേകമനുസരിച്ച് ശിലോഹയിലേക്കു പോയി, കണ്ണുകഴുകാൻ. ജന്മനാ അന്ധന് ഈശോ ചേറുപൂശിയിടത്തു നിന്ന് ശിലോഹക്കുളംവരെയുള്ള ദൂരമാണ് കൃപയുടെ സ്വീകരണസമയം. മറിയത്തിനുവേണ്ടിയുള്ള രക്ഷാകരചരിത്രപ്രവേശം ഏലീശ്വായിൽനിന്നുള്ള ആറുമാസത്തിന്റേതാണ്. ദൈവത്തിന്റെ കണക്കുകളോടു ജീവിതനിമിഷങ്ങളെ ചേർത്തുനിറുത്താൻ എന്തേ നാം ശങ്കിക്കുന്നു? ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ ശ്രദ്ധിക്കാം: ''ദൈവം എപ്പോഴും വാതിലുകൾ തുറക്കുന്നു; അവിടുന്നു വാതിലുകൾ അടയ്ക്കുന്നില്ല. നമുക്കുവേണ്ടി വാതിൽ തുറക്കുന്ന പിതാവാണു ദൈവം. അതിനാൽ പ്രത്യാശയുള്ളവരായിരിക്കുവിൻ''. കർത്താവിനു തുറക്കാനാകുംവിധം കർത്താവിലേക്കു തുറക്കാനാകുന്ന തരത്തിൽ അവന്റെ സമയത്തെ കാത്തിരിക്കുന്നതിൽ നമുക്കുമടുപ്പരുതേ.ഗബ്രിയേൽ ദൂതൻ ദൈവത്തിനുവേണ്ടി മറിയത്തെ

സംബോധന ചെയ്യുന്നു: 'ദൈവകൃപനിറഞ്ഞവളേ!' അവളോടു പറയുന്നു: 'കർത്താവ് നിന്നോടുകൂടെ!' കർത്താവു കൂടെ വസിക്കുന്നു എന്നതാണ് മറിയജീവിതത്തിന്റെ ലാവണ്യം. ആ ജീവിതം മധുരവും ധന്യവുമായത് ദൈവം കൂടെ വസിച്ചതുകൊണ്ടാണ്. ജീവിതത്തിന്റെ മർമ്മങ്ങളും കാതലുകളും അന്വേഷിക്കുന്നവർക്കു മറിയത്തിന്റെ ജീവിതം ദൈവികവിസ്മയങ്ങളുടേതാണ്; ദൈവകൃപയോടുള്ള ചേർന്നുനില്പിന്റേതാണ്. ദൈവം കൂടെ നിന്നാൽ ജീവിതം മധുരം. ദൈവത്തിന്റെ കൂടെ നിന്നാൽ ഇരട്ടിമധുരം. മറിയത്തിന്റെ ജീവിതത്തെ യോഹന്നാൻ ഗാഗുൽത്തായിലെ കുരിശിന്റെ ചുവട്ടിൽ പ്രതിഷ്ഠിച്ചുകൊണ്ടു സംഗ്രഹിച്ചു. ഈശോയുടെ കുരിശിന്റെ സമീപം അവന്റെ അമ്മ നില്ക്കുന്നുണ്ടായിരുന്നു. വർത്തമാനഭൂതഭാവികാലങ്ങളെ രക്ഷാകരമായി സമന്വയിപ്പിക്കുന്ന നില്പിന്റെ ചേതോഹാരിതയാണ് യോഹന്നാൻ വാക്കുകളിൽ ആവാഹിച്ചിരിക്കുന്നത്. കൂടെ വന്നിരിക്കുന്ന കർത്താവിന്റെ കൂടെ നില്ക്കുമ്പോഴാണ് ജീവിതം ലാവണ്യത്തിന്റെ പെരുംനദിയായി മാറുന്നത്; സമുദ്രതാരങ്ങൾ ഉദയം ചെയ്യുന്നത്. പ്രബലകർമ്മങ്ങൾക്കു മുതിർന്ന രക്ഷാകരസംഭവങ്ങളിലെ ഉന്നതരെ സൂക്ഷ്മമായി വിലയിരുത്തുമ്പോൾ അവരുടെ ജീവിതത്തോട് ചേർത്തുപറയുന്നു.'കർത്താവ് നിന്നോടുകൂടെ.

ജോഷ്വയോടു ദൈവം അരുളുന്നു: ''ഞാൻ മോശയോടുകൂടെ എന്നപോലെ നിന്നോടുകൂടെയും ഉണ്ടായിരിക്കും'' (ജോ1:5). വാഗ്ദാനനാട്ടിലേക്കുള്ള യാത്രയ്ക്കു നേതൃത്വം നല്കിയ മോശയുടെ കൂടെ ദൈവം ഉണ്ടായിരുന്നു. ജനത്തെ വാഗ്ദാനനാട്ടിലെത്തിച്ച ജോഷ്വയ്ക്കും കർത്താവിന്റെ നിരന്തരസാന്നിദ്ധ്യം ഉണ്ടായിരിക്കുമെന്ന് വിളി നിയോഗത്തിൽ ഉറപ്പുകൊടുക്കുന്നു. മുന്തിരിച്ചക്കിൽ ഗോതമ്പു മെതിക്കേണ്ട ഗതികേടിലെത്തിയ ഗിദയോനോട് കർത്താവിന്റെ ദൂതൻ മൊഴിഞ്ഞു: ''ധീരനും ശക്തനുമായ മനുഷ്യാ, കർത്താവു നിന്നോടുകൂടെ'' (ന്യായാ 6:12). ജീവിതവഴികളിൽ വിപരീതങ്ങൾ മാത്രം കണ്ടുകൊണ്ടിരിക്കുന്നവനെ ശക്തൻ, ധീരൻ എന്നു വിശേഷിപ്പിച്ചു സാന്നിദ്ധ്യം വാഗ്ദത്തം ചെയ്യുന്നു. വൈപരീത്യങ്ങളെ കർത്താവിന്റെ പക്ഷത്തു നിന്നു കാണാനുള്ള കൃപകൂടി നിക്ഷേപിക്കുകയാണു സാന്നിദ്ധ്യവാഗ്ദാനത്തിൽ. സാമുവൽ പ്രവാചകൻ ജനത്തിനു രാജാവായി സാവൂളിനെ വാഴിക്കുംമുമ്പ് അവനോടു പ്രവാചകന്മാരുടെ ഗണത്തോടു ചേരാൻ നിർദ്ദേശിക്കുന്നു. അവരോടു ചേരുമ്പോൾ സാവൂൾ മറ്റൊരു മനുഷ്യനായി മാറും. ''ഇവ സംഭവിക്കുമ്പോൾ യുക്തം പോലെ ചെയ്തുകൊള്ളുക; ദൈവം നിന്നോടുകൂടെയുണ്ട്'' (1 സാമു 10:12). കർത്താവിന്റെ പ്രവാചകരുടെ നിരയിൽ നില്ക്കാനും ദൈവികദൂതുകൾ ഭാഷിക്കാനും കഴിയുന്നവിധം ജീവിതത്തെ മാറ്റിമറിക്കാൻ കർത്താവിന്റെ സാന്നിദ്ധ്യത്തിനാകും. കർത്താവു കൂടെയുള്ളവൻ ഇതരഭിന്നനാണ്. വ്യത്യസ്തതയാണ് കർത്തൃസാന്നിദ്ധ്യത്തിന്റെ പ്രത്യേകത. ദാവീദ് കൊട്ടാരത്തിൽ വസിക്കുകയും വാഗ്ദാനത്തിന്റെ പേടകം

കൂടാരത്തിലൊതുക്കുകയും ചെയ്ത നാളുകളിൽ കർത്താവിനുവേണ്ടി ആലയം തീർക്കാൻ കൊതിക്കുന്ന ദാവീദിനോടു നാഥാൻ പറയുന്നു: ‘‘യുക്തം പോലെ ചെയ്തുകൊള്ളുക; കർത്താവ് നിന്നോടുകൂടെയുണ്ട്’’ (2 സാമു 7:3). കർത്താവു കൂടെയുള്ളവന് കർത്താവിനായി ആലയം തീർക്കാനുള്ള നിയോഗം പേറാനും സ്വയം കർത്താവിന്റെ ആലയമാകാനും കഴിയും. ദൈവാലയം നിർമ്മിച്ച സോളമനും സമാനമായ വാക്കുകൾ പിതാവിന്റെ അധരങ്ങളിലൂടെ ശ്രവിക്കുന്നു: ‘‘എന്റെ ദൈവമായ കർത്താവു നിന്നോടുകൂടെയുണ്ട്’’ (1 ദിന 28:20). സീയോനു രക്ഷയുടെ വാഗ്ദാനം പ്രദാനം ചെയ്യുന്ന സെഫാനിയ പറയുന്നു: ‘‘നിന്റെ ദൈവമായ കർത്താവ് വിജയം നല്കുന്ന യോദ്ധാവ് നിന്റെ മദ്ധ്യേ ഉണ്ട്’’ (3:17). വ്യക്തിഗതമായി ലഭ്യമായ കർത്താവിന്റെ സാന്നിദ്ധ്യം സമൂഹത്തിന്റെ പൊതുനന്മയ്ക്കും രക്ഷയ്ക്കുമുതകുന്നതിന്റെ വർണ്ണനീയചിത്രമാണ് സെഫാനിയ വരയ്ക്കുന്നത്. കർത്താവിന്റെ വ്യക്തിഗതസാന്നിദ്ധ്യം വ്യക്തിയിലൊതുങ്ങില്ല. അതു സമൂഹത്തിന്റെ നന്മയ്ക്കാണ്. മാനവകുലത്തിനു രക്ഷ പ്രദാനം ചെയ്യുന്ന ദൈവം ഗ്രാമീണകന്യകയുടെ സവിധത്തിലെത്തുന്നു. അവളെ തന്റെ കൂടെ നിറുത്തുന്ന ദൈവം അവളോടൊപ്പം നില്ക്കുന്നു. നിയോഗങ്ങളുടെ അനുധ്യാനം ജീവിതധന്യതയുടെ അടിസ്ഥാനമാണ്. ‘‘മറിയത്തെപ്പോലെ കർമ്മോദ്യുക്തതയോടെ മറ്റാരും ഈശോയെ ധ്യാനിച്ചിട്ടില്ല. മംഗളവാർത്തവേളയിൽത്തന്നെ അവളുടെ ഹൃദയത്തിന്റെ ദൃഷ്ടികൾ അവിടുന്നിൽ ഉറപ്പിക്കപ്പെട്ടു. ‘അവൾ കർത്താവിനോടു കൂടെയായിരുന്നു’ (ബനഡിക്റ്റ്പാപ്പ). കർത്താവ്കൂടെ; കർത്താവിന്റെകൂടെ. ജീവിതലാവണ്യസാര സംഗ്രഹമാണിത്. മധുരധന്യമായ ജീവിതസാദ്ധ്യതയുടെ പാഠമാണിത്. കൂടെയായിരിക്കുന്നതിന്റെ വിസ്മയം നമുക്കന്യമാകരുത്.

SMCC- VACHANAVEDI ttp://www.syromalabarcatechesis.org

# ഇതാ കർത്താവിന്റെ ദാസി

ഫാ.ജോർജ് ദാനവേലിൽ

മനുഷ്യജീവിതത്തിലെ ഏറ്റവും സുന്ദരമായകാലമെന്നു പൊതുവെ വിശേഷിപ്പിക്കപ്പെടുക യൗവനകാലത്തെയാണ്. കാരണം അതു സ്വപ്നങ്ങളുടെകാലമാണ്. ഭാവിയെക്കുറിച്ചുള്ള വളരെ യേറെ സ്വപ്നങ്ങൾ നെയ്തുകൂട്ടുന്ന കാലം. ഇതിനു സ്ത്രീപുരുഷ വ്യത്യാസമോ സ്ഥലകാലഭേ ദമോ ഇല്ല. വിവാഹനിശ്ചയംകഴിഞ്ഞു ഭാവിയെക്കുറിച്ചുള്ള കുറെയേറെ സുന്ദരസ്വപ്നങ്ങൾ

നെയ്തുകൂട്ടിക്കൊണ്ടിരുന്ന ഒരു യഹൂദഗ്രാമീണ പെൺകുട്ടിയുടെ അടുത്തേക്കു ഗബ്രിയേൽദൂതൻ മംഗളവാർത്തയുമായെത്തുന്നതാണു സഭ വിചിന്തനത്തിനായി ഇന്നു സ്വീകരിച്ചിരിക്കുന്ന സുവിശേഷഭാഗം ( ലൂക്കാ 1:26-38.)

"ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടുകൂടെ" എന്നു പറഞ്ഞു മറിയത്തെ അഭിവാദനം ചെയ്ത ദൈവദൂതൻ മാനവകുലം മുഴുവൻ കാത്തുകാത്തിരുന്ന ദിവ്യസന്ദേശം അറിയിക്കുകയാണ്. "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവനു യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും"(ലൂക്കാ 1:32-33). ദൂതന്റെ വാക്കുകൾ കേട്ട മറിയം ഒരു സംശയം ചോദിക്കുകയാണ്. ഇത് അവിശ്വാസത്തിൽനിന്നുയരുന്ന സംശയമല്ല. മറിച്ചു ശിശുതുല്യമായ നിഷ്കളങ്കതയിൽ നിന്നുയരുന്ന സംശയം. "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ". തനിക്കും, പിറക്കാനിരിക്കുന്ന ലോകരക്ഷകനായ തന്റെ പുത്രനും, യാതൊരു വിധത്തിലുള്ള അപമാനവും ഉണ്ടാകരുതെന്ന ദൃഢനിശ്ചയമാവാം മാതാവിന്റെ സംശയത്തിനു പിന്നിൽ. ഈ സംശയത്തിനുള്ള ഉത്തരമാണ്, "പരിശുദ്ധാത്മാവ് നിന്റെ മേൽ ആവസിക്കും. ആകയാൽ ജനിക്കുവാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" എന്ന മാലാഖായുടെ വചനം (ലൂക്കാ 1:35) ഈ വിശദീകരണം കൂടി കേട്ടിട്ടാണു മറിയം തന്റെ പൂർണ്ണസമ്മതം നല്കി ദൈവമാതാവായത്. ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്നു പറഞ്ഞാണു സമ്മതം നല്കുന്നത്.

രക്ഷകനായ ഈശോയ്ക്ക് ഈ ഭൂമിയിൽ അവതരിക്കാൻ ആദ്യം തന്റെ ഹൃദയവും പിന്നീടു തന്റെ ഉദരവും നല്കിയ നിമിഷം മുതൽ ഗാഗുൽത്തായിലെ ദിവ്യയാഗത്തിനു മൂകസാക്ഷിയായി നിലകൊണ്ട നിമിഷം വരെ ഒരു ദഹനബലിയാകാനായി വിളിക്കപ്പെട്ട ജീവിതമായിരുന്നു മാതാവിന്റേത്. ഏതാനും മാസത്തേക്കുള്ള വാടകവ്യവസ്ഥയിലുള്ള വിട്ടുകൊടുക്കലിനല്ല മാതാവു തയ്യാറായത്, മറിച്ച് സമ്പൂർണ്ണ സമർപ്പണത്തിനാണ്.

കുട്ടിയുടെ പിതൃത്വത്തെച്ചൊല്ലിയുള്ള ഭർത്താവിന്റെ ന്യായമായ സംശയങ്ങൾ, രഹസ്യത്തിൽ തന്നെ ഉപേക്ഷിക്കാൻ ഭർത്താവ് എടുക്കുന്ന തീരുമാനം, ശിശുവിനെ പ്രസവിക്കാൻ കാലമായപ്പോൾ നടത്തേണ്ടിവന്ന വിദൂരയാത്ര, കാലിത്തൊഴുത്തിൽ കുഞ്ഞിനെ പ്രസവിക്കേണ്ടിവന്ന അതിദയനീയസ്ഥിതി, കുഞ്ഞിനെയുംകൊണ്ട് ഈജിപ്തിലേക്ക് ഒളിച്ചുപോകേണ്ടിവരിക - ഇങ്ങനെ കുരിശുകൾ ഒന്നിനുപുറമെ ഒന്നായി നീളുകയാണ്. അവസാനം കുഞ്ഞുവളർന്നു പ്രായപൂർത്തിയായപ്പോൾ ദൈവദ്രോഹവും രാജ്യദ്രോഹവും ആരോപിച്ച് ഏറ്റവും അപമാനകരമായ കുരിശുമരണത്തിനു വിധേയമാക്കപ്പെടുക; തന്റെ പൊന്നോമനമകൻ കുരിശിൽ കിടന്നുകൊണ്ട് അന്ത്യയാത്രപറയുന്ന ദൃശ്യം നേരിൽ കാണേണ്ടിവരിക; ഇങ്ങനെ സഹനങ്ങ

ളുടെ ഒരു ജീവിതമായിരുന്നു മാതാവിന്റേത്. എങ്ങനെ ഈ സഹനങ്ങളെ അതിജീവിക്കാൻ മാതാവിനു കഴിഞ്ഞു? ഉത്തരം ഒന്നു മാത്രം, ദൈവത്തിൽ ആ അമ്മ കൃപ കണ്ടെത്തിയിരുന്നു. അവൾ ദൈവകൃപയുള്ളവളായിരുന്നു. രക്ഷകന്റെ അമ്മയാവുക എന്ന സ്വപ്നം താലോലിച്ചിരുന്ന ഉന്നതകുലജാതർ ഏറെയുണ്ടായിരുന്ന അക്കാലത്ത് എങ്ങനെ ഒരു സാധാരണ പെൺകുട്ടിക്ക് ഈ ഭാഗ്യം ലഭിച്ചു? പലരും തങ്ങളുടെ കുലമഹിമയിലും സമ്പത്തിലും സ്ഥാനമഹിമയിലുമെല്ലാം വലിപ്പം കണ്ടെത്താൻ ശ്രമിച്ചപ്പോൾ, മറിയത്തിന്റെ എളിയ മനോഭാവം, താഴ്മയുള്ള മനസ്സ്, അവളെ രക്ഷകന്റെ അമ്മയാക്കി. ഇന്നും എവിടെയെല്ലാം രക്ഷകൻ ജനിക്കണമോ അത് വ്യക്തികളിലാവാം, കുടുംബത്തിലാവാം, സമൂഹത്തിലാവാം അവിടെയെല്ലാം ഈ താഴ്മയുള്ള മനസ്സുള്ളവരുണ്ടാകണം.

മനുഷ്യബുദ്ധിക്കു മനസ്സിലാക്കാൻ കഴിയാത്ത വിധത്തിലാണു പരിശുദ്ധാത്മാവിനാൽ മറിയം ഗർഭവതിയാകുന്നത്. നമ്മുടെ അനുദിനജീവിതത്തിൽ നമുക്കു മനസ്സിലാക്കി സ്വീകരിക്കാൻ കഴിയാത്തവ സംഭവിക്കുമ്പോൾ എന്നെ പരിപാലിക്കുന്ന ദൈവത്തിന്റെ പദ്ധതിയാണിത് എന്നു മനസ്സിലാക്കി സ്വീകരിക്കാൻ നാമും തയ്യാറാകുമ്പോൾ യഥാർത്ഥ വിശ്വാസികളായി നാം മാറുന്നു. അപ്പോൾ അവിടെ നിരാശ കടന്നുവരില്ല. പ്രത്യാശയുടെ ജീവിതമാവും നമ്മുടേത്.

നമ്മുടെ ജീവിതാവസ്ഥയ്ക്കനുസരിച്ചുള്ള കടമകൾ നിറവേറ്റേണ്ടിവരുമ്പോൾ, നാം ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കാൻ ശ്രമിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും കഷ്ടപ്പാടുകളും വേദനകളും കടന്നുവരും. ആരുടെ ജീവിതത്തിലാണു വേദനകൾ ഇല്ലാത്തത്. ഒന്നാം ക്ലാസ്സിലേക്കു പഠിക്കാനായി പോകുന്ന വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ ഏറ്റവും വലിയ വേദനയെന്നത് അമ്മയിൽനിന്നു സ്കൂളിലേക്കു പറിച്ചു മാറ്റപ്പെടുന്നു എന്നതും സ്കൂളിൽ ചെന്നാൽ പഠിക്കണം എന്നതുമാണ്. പഠനം പൂർത്തിയാക്കിയ യുവതീയുവാക്കളോ? ഒരു ജോലിക്കായുള്ള നെട്ടോട്ടമാണ്. ജോലി ലഭിച്ചാലോ? അപ്പോൾ കുടുംബജീവിതത്തിന്റെ പ്രാരബ്ധങ്ങളാകും. സമൂഹജീവിതത്തിലുമുണ്ട്, അതിന്റേതായ പ്രാരാബ്ധങ്ങൾ. ഇവിടെ കർത്താവിന്റെ ദാസൻ അല്ലെങ്കിൽ ദാസി എന്നു പറയുവാൻ നമുക്കു കഴിയുമോ? ഇതു നമുക്കു സാധിക്കണമെങ്കിൽ മറിയത്തെപ്പോലെ നാമും ദൈവത്തിൽ കൃപ കണ്ടെത്തണം. പ്രവാചകനായ ശിമയോൻ ഉണ്ണിയേശുവിനെ കൈയിലെടുത്തു മാതാവിനോടു പറഞ്ഞു, ‘‘ഒരു വാൾ നിന്റെ ഹൃദയത്തിൽ തുളച്ചുകയറും’’. പക്ഷേ മാതാവു പതറിയില്ല; പരാതി പറഞ്ഞില്ല. നമ്മുടെ ജീവിതത്തിലും പലതരംവാളുകൾ തുളച്ചുകയറുന്ന അനുഭവമുണ്ടാകാം. ഇവിടെയൊക്കെ നാമും, പതറാതെ തളരാതെ നിലനിൽക്കണമെങ്കിൽ ദൈവത്തിൽ കൃപ കണ്ടെത്താൻ കഴിയണം. അപ്പോൾ ഏലീശ്വായുടെ ഭവനത്തിൽ മാതാവ് മംഗളവാർത്തയുമായി ചെന്നതുപോലെ, നമുക്കും മറ്റുള്ളവരെ മംഗളവാർത്തയുമായി സമീപിക്കാൻ കഴിയും. അപര്യാപ്തയുടെയും അപമാനത്തിന്റെയും നിമിഷത്തിൽ കാനായിൽ അപരന്റെ വേദനയിൽ

സാന്ത്വനമായി മാതാവ് എത്തിയതുപോലെ അപരന്റെ വേദനയിൽ സാന്ത്വനവുമായെത്താൻ നമുക്കും കഴിയണം.

ഈശോയുടെ പിറവിക്കായി ഒരുങ്ങുന്ന കാലമാണല്ലൊ മംഗളവാർത്താക്കാലം. ഈശോ നമ്മിൽ പിറക്കണമെങ്കിൽ മറിയത്തെപ്പോലെ വിനീതഭാവം സ്വീകരിക്കാൻ തയ്യാറാകണം എന്നു മറക്കാതിരിക്കാം. ഇതാ കർത്താവിന്റെ ദാസൻ അല്ലെങ്കിൽ ദാസി എന്നതാവണം നമ്മുടെയും ജീവിതശൈലി. ഇതിനുള്ള കൃപക്കായി നമുക്കു പ്രാർത്ഥിക്കാം.

SMCC-VACHANAVEDI http://www.syromalabarcatechesis.or

# ഒരുക്കമുള്ള കാത്തിരിപ്പ്

ഫാ.തോമസ്സ് പി.

**ദൈവ**കൃപയുടെ സാന്നിദ്ധ്യസാമീപ്യങ്ങൾ വ്യക്തിജീവിതത്തിനു നല്കുന്ന ഗുണപൂർണ്ണതയുടെ സാക്ഷ്യപ്പെടുത്തലാണ് മംഗളവാർത്ത. ഉന്നതങ്ങളിൽ നിന്നുള്ള ദൈവശക്തിയുടെ കടന്നുവരവിൻ മുമ്പിൽ 'ഇതാ! കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എന്നിൽ സംഭവിക്കട്ടെ' എന്ന പ്രത്യുത്തരത്തിലൂടെ ജീവിതത്തിൽ ദൈവത്തിനിടം കൊടുക്കുന്നതിന്റെ മഹിമാവ് നാം ദർശിക്കുകയാണ്. ദാവീദുവംശജയായ നസറത്തിലെ മറിയത്തിന്റെ പക്കൽ വന്നുചേരുന്നു ഗബ്രിയേൽ മാലാഖ. ജോസഫ് എന്ന പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്നവളാണ് കന്യകയായ മറിയം. ഏശയ്യാപ്രവാചകൻ 7:14-ൽ സൂചിപ്പിച്ചിരിക്കുന്ന കന്യക, പുരുഷനെ അറിഞ്ഞിട്ടില്ലാത്തവൾ, വൈവാഹികബന്ധങ്ങളുടെ തീവ്രതയിലേക്ക് കടക്കാത്തവൾ. 34-ാം വാക്യത്തിൽ 'ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ' എന്ന മറിയത്തിന്റെ പ്രതികരണവും അവളുടെ കന്യാത്വത്തിന്റെ തേജസ്സിനെ വെളിപ്പെടുത്തുന്നു. വി. എപ്രേം മനുഷ്യാവതാരഗീതങ്ങളിൽ അനുസ്മരിക്കുന്നു- 'ധരയുടെ ശിരസ്സായ ആദത്തെ കന്യാത്വഭൂമി പ്രസവിച്ചു. സ്വർഗ്ഗത്തിന്റെ ശിരസ്സായ രണ്ടാം ആദത്തെ കന്യക പ്രസവിച്ചു' (1:10). ദൂതന്റെ സാമീപ്യം ഒരുപിടി വെളിപ്പെടുത്തലുകളുടെയും വാഗ്ദാനത്തിന്റെയുമായിരുന്നു. മറിയം ദൈവകൃപ നിറഞ്ഞവളാണ്. കർത്താവ് അവളുടെ കൂടെയുണ്ട്. ദൈവം കൂടെയുള്ളവർ ദൈവത്തിന്റെ കൂടെയുമാണ്. അവർക്ക് ദൈവകൃപകൾ അന്യമാകില്ല. എഫേസ്യർ 1:6-ലും ദൈവദൂതന്റെ മറിയത്തിനുള്ള സന്ദേശത്തിലും മാത്രമായി ഒതുക്കപ്പെട്ടിരിക്കുന്നു 'കൃപ'യുടെ അനിതരമായ പ്രയോഗം. 'തന്റെ പ്രിയപ്പെട്ടവനിലൂടെ നമ്മിൽ ചൊരിഞ്ഞ തന്റെ കൃപയുടെ

മഹത്ത്വത്തിനും പുകഴ്ചയ്ക്കും വേണ്ടി' എന്നാണ് പൗലോസിന്റെ വാക്കുകൾ. ഈശോയിലൂടെ കൃപയുടെ കടന്നുവരവ് വ്യക്തികൾക്കും സമൂഹത്തിനും അനുഭവമാകുന്നു. വി. എപ്രേം കീർത്തിക്കുന്നു- 'ഗബ്രിയേൽ എന്റെ നിസ്വതയിൽ പ്രവേശിച്ച ദിവസം അവനെന്നെ സ്വതന്ത്രയും ദാസിയുമാക്കി. ഞാൻ നിന്റെ ദൈവത്വത്തിന്റെ ദാസി. മനുഷ്യത്വത്തിന്റെ മാതാവും' (5:20). കൃപയുടെ സമ്പന്നത പ്രകടമാക്കിയ മഹത്തായ കാര്യങ്ങളുടെ അനുസ്മരണധന്യതയാണ് വിശുദ്ധന്റെ വാക്കുകൾ.

ദൂതന്റെ അഭിവാദനമാത്രയിൽ മറിയം അസ്വസ്ഥയായി (29). അസാരമല്ല ഈ അസ്വസ്ഥത; ഭാഗികവുമല്ല. അവളുടെ ബോധാബോധതലങ്ങളിൽ പടർന്നുകയറി അസ്വസ്ഥത. അടിമുടി അവൾ അസ്വസ്ഥതയിൽ നിറഞ്ഞു. അസ്വസ്ഥത പുതിയ പര്യാലോചനകളും നിഗമനങ്ങളും പ്രാപിക്കാൻ അവളെ സജ്ജയാക്കി. അഭിവാദ്യത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ മാനങ്ങളിലേക്ക് അവളെ പടിപടിയായി നയിച്ചു ദൂതൻ.'മറിയമേ നീ ഭയപ്പെടേണ്ട' (30) ദൈവദർശനത്തിന്റെ മുമ്പിൽ അസ്വസ്ഥതയും മൗനവും ചലനരാഹിത്യവും സംഭവിക്കുന്ന വേളകളിലെ കരുതൽ വാക്യമാണ് 'ഭയപ്പെടേണ്ട'. അവളെ ഭയപ്പെടുത്തിയ നിയോഗത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ കനിവും കിനിഞ്ഞിറങ്ങലും സാദ്ധ്യമാക്കുന്ന കൃപയുടെ പ്രവാഹത്തെ വെളിവാക്കുന്നു ഗബ്രിയേൽ. വലിയവന്റെ വരവിന്റെ ദൂതാണ് മറിയത്തിനും നല്കുന്നത്.സക്കറിയായുടെ പുത്രനെക്കുറിച്ചു പറഞ്ഞിരിക്കുന്നു: 'അവൻ വലിയവനായിരിക്കും'. യോഹന്നാൻ സ്നാപകൻ വലിയവനെങ്കിൽ അവൻ സാക്ഷ്യപ്പെടുത്തുന്ന ഈശോ വലിയവൻ എന്ന വിശേഷണത്തോടൊപ്പം അത്യുന്നതന്റെ പുത്രൻ എന്നുകൂടി വിളിക്കപ്പെടുന്നു. അതി ഉന്നതത്തിൽ വാസമുറപ്പിച്ചവൻ ദൈവം തന്നെ. ഈശോ ദൈവപുത്രനാണെന്നുള്ള വെളിപ്പെടുത്തൽക്കൂടി നിറവേറ്റിയിരിക്കുന്നു ദൈവദൂതൻ. ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുക, ഇസ്രായേൽ ഭവനത്തിന്മേൽ നിത്യഭരണം നടത്തുക, അവസാനമില്ലാത്ത രാജ്യത്തിന്റെ അധിപനാകുക എന്നീ രാജത്വസൂചകമായ ധർമ്മങ്ങളും ഈശോ എന്ന വലിയവന്റേതാണ്. വലിയവന്റെ വലിപ്പം ചെറുതല്ല. വലിയതാണ്. വലിപ്പങ്ങളിലേക്കു കടക്കാനുള്ള ചെറുപ്പമാണ് വലിപ്പത്തിന്റെ മാർഗ്ഗം.

പരിശുദ്ധാത്മാവിന്റെ വരവും അത്യുന്നതശക്തിയുടെ ആവാസവുമാണ് ദൈവമാതൃത്വത്തിന് മറിയത്തെ അർഹയാക്കിയത്. വൃദ്ധയും വന്ധ്യയുമെന്നു കേൾക്കപ്പെട്ട ഏലീശ്വായുടെ ആറുമാസമായ ഗർഭത്തെ സൂചിപ്പിച്ച് ദൈവത്തിനസാദ്ധ്യമായി ഒന്നുമില്ലെന്ന് ദൂതൻ വെളിപ്പെടുത്തി. ജീവിതത്തിന് വരിക്കാവുന്ന അറിവുകളിൽ അറിവ് ദൈവബന്ധിയായ അറിവാണ്. അസാദ്ധ്യതകളും പരിമിതികളുമുള്ള ജീവിതത്തെ അലംകൃതമാക്കാൻ ദൈവത്തിന്റെ സാദ്ധ്യതക്കാവും. കാരണം അവിടുന്ന് അസാദ്ധ്യതയെ അങ്ങനെതന്നെ

കാക്കുന്നവനല്ല. അസാദ്ധ്യതയെ സാദ്ധ്യതയാക്കാനുള്ള സാദ്ധ്യതയും അവന്റേതാണ്. ദൈവികവൈഭവത്തിലുള്ള മറിയത്തിന്റെ ആഴപ്പെടൽ അവളെ പ്രത്യുത്തരിപ്പിച്ചു.

ഇതാ! കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ. സംഭവിക്കാനും നിറവേറാനും ജീവിതത്തെ സമർപ്പിക്കുന്നതിന്റെ ലാവണ്യമാണ് മറിയത്തിന്റെ സൗന്ദര്യം. ആത്മാർപ്പണത്തിന്റെ യാഗവേദികളിൽ സ്വയം വിട്ടുകൊടുക്കുന്നിടത്താണ് വർത്തമാന കാലജീവിതങ്ങളും കർത്താവിന്റെ വാക്ക് സ്വന്തമാക്കുന്നത്. ജീവിതം കർത്താവിന്റെ ദാനവും ജീവിതനന്മകൾ അവിടുത്തേക്കുള്ള കാണിക്കയുമാകുമ്പോൾ ദൈവവചസ്സുകളുടെ നിറവേറലിനുള്ള വഴി തുറക്കപ്പെടുന്നു. അടഞ്ഞ മനസ്സുകളും ഉണർവ്വില്ലാത്ത നിലപാടുകളും ശുഷ്ക്കതയുടെയും ശൂന്യതയുടെയും ചരിതമേഎഴുതൂ. ജീവിതം കൊണ്ട് ദൈവവചനത്തോടു ചേർന്ന് എഴുതുകയാണ് മറിയം. അതിനാൽ അവൾ സംസാരിച്ചത് ദൈവവചനമായി. അവളോടു സംസാരിച്ചത് ദൈവമായിരുന്നു. അവൾ സംസാരിച്ചത് ദൈവത്തോടുമായിരുന്നു. ദൈവവചനത്തിന്റെ നൂലുകൾ കൊണ്ട് മെനയപ്പെട്ട വിശിഷ്ടവസ്ത്രാലംകൃതയായി മറിയത്തെ മാറ്റിയത് അവളിലെ ചെറുപ്പത്തിന്റെ വലിപ്പമാണ്. വി. എഫ്രേം പറയുന്നു: 'നിന്റെ മാതാവ് ഒരദ്ഭുതമാണ്. കർത്താവ് അവളിൽ ദാസനായിത്തീർന്നു'. തന്റെ ദാസിയിൽ പ്രസാദിച്ചവൻ അവളിൽ ഇറങ്ങിവന്ന് കുരിശുമരണത്തോളം അനുസരണമുള്ളവനായി ദാസന്റെ അവസ്ഥയിലായി. ദൈവത്തിന്റെ ദാസർക്ക് ദൈവവും ദാസരായി മാറുമെന്നല്ലേ മറിയത്തോടു കാട്ടിയ കനിവിനർത്ഥം?



# ദൈവത്തിന് ഒന്നും അസാധ്യമല്ല

ഫാ.സെബാസ്റ്ററ്യൻ കുറ്റിയാനിക്കൽ

**വി**ശുദ്ധകുർബാന മദ്ധ്യേ ശ്രവിക്കുന്ന വചനഭാഗങ്ങളെയെല്ലാം പരസ്പരം ബന്ധിപ്പിക്കുന്നതു മാംസം ധരിച്ച വചനത്തെക്കുറിച്ചുള്ള സന്ദേശമാണ്. ഒന്നാമത്തെ വായനയിൽ ഇസ്രായേലിനുമേൽ തിന്മയുടെ ശാപവചസുകൾ പ്രഘോഷിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ട ബാലാം ദൈവത്തിന്റെ വചനം മാത്രം പ്രഘോഷിക്കുവാൻ ദൈവദൂതനാൽ വിളിക്കപ്പെടുന്നതും ബാലാം ദൈവവചനം കൊണ്ട് ഇസ്രായേലിനെ അനുഗ്രഹിക്കുന്നതും

കാണാം. കാരണം ബാലാം പറയുന്നു. ''സ്വന്തമായി എന്തെങ്കിലും പറയാൻ എനിക്ക് കഴിവുണ്ടോ? ദൈവം തോന്നിക്കുന്ന വചനമാണ് എനിക്കു പറയുവാനുള്ളത്'' (സംഖ്യ 22,38). ബാലാം നടത്തുന്ന പ്രവചനങ്ങളിൽ മിശിഹായുടെ വരവിനെക്കുറിച്ചുള്ള അറിയിപ്പും ഉണ്ട് (സംഖ്യ 22,38). ബാലാമിന്റെ പ്രവചനം പൂർത്തീകരിക്കപ്പെടുന്നതിന്റെ അറിയിപ്പാണു സുവിശേഷത്തിൽ നാം കണ്ടത്. മിശിഹായുടെ വരവിനെക്കുറിച്ചുള്ള പ്രവചനം അവഗണിച്ച് അന്ധകാരത്തിലേയ്ക്കു പോകുന്ന ജനത്തേയാണ് ഏശയ്യാ പ്രവാചകന്റെ ഗ്രന്ഥത്തിൽ നാം കാണുന്നത്. വചനത്തെ അവഗണിക്കുന്ന ജനത്തോടാണ് ഏശയ്യാ പ്രസംഗിക്കുന്നത്. ഏശയ്യാ പറയുന്നു, ''ദൈവത്തിന്റെ രക്ഷ മുളയെടുക്കുന്നത് അവർ അറിയുന്നില്ല'' (43,18). അങ്ങനെ ഒന്നാം വായന വചനത്തിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള പ്രവചനവും,രാണ്ടം വായന മിശിഹായുടെ വരവിനെക്കുറിച്ചുള്ള പ്രവചനം വിസ്മരിക്കുന്ന ജനത്തെയും അവതരിപ്പിക്കുമ്പോൾ സുവിശേഷം സമയത്തിന്റെ പൂർണ്ണതയിൽ ദൈവത്തിന്റെ വചനം മാംസം ധരിക്കുന്നതും പങ്കുവയ്ക്കുന്നു. മനുഷ്യനായ വചനം തന്നെയാണ് സഭ ഇന്നും പ്രഘോഷിക്കുന്നതെന്നു പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. 'ദൈവവചനത്തിന്റെ കവാടം തുറക്കപ്പെടുന്നതു ക്രിസ്തുവിന്റെ രഹസ്യം പ്രഖ്യാപിക്കുന്നതിനാണ്' (കൊളോ. 4,3).

അനാദിയിലെ വചനത്താൽ സർവ്വതും സൃഷ്ടിച്ചവൻ, (ഉത്പത്തി 1) കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ വചനത്തിലൂടെ സംസാരിച്ചിരുന്നവൻ (ഹെബ്രായർ 1,1) സമയത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി അവതരിക്കുവാൻ തീരുമാനിച്ചപ്പോൾ തന്റെ ദൂതൻ ഗബ്രിയേലിനെ നസ്രത്ത് എന്ന ഗ്രാമത്തിലേക്ക് ഒരു കന്യകയുടെ പക്കലേക്ക് അയയ്ക്കുന്നതാണു സുവിശേഷത്തിൽ നാം കാണുന്നത്. നസ്രത്ത് എന്ന സ്ഥലവും, കന്യകയും വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള, ഏശയ്യായുടെ പ്രവചനത്തിലേക്കു (ഏശയ്യാ 7,14;11,1) നമ്മുടെ ശ്രദ്ധ വിളിക്കുന്നുണ്ട്. ഏശയ്യാ 7,14 പറയുന്നത്: ''കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനുവേൽ എന്ന് വിളിക്കപ്പെടും. മിശിഹായുടെ വരവിന് എഴുന്നൂറിലധികം വർഷംമുമ്പ് ഏശയ്യാ നടത്തിയ പ്രവചനത്തിന്റെ പൂർത്തീകരണമാണു സുവിശേഷത്തിൽ നിറവേറുന്നതായി നാം കാണുന്നത്. ഏശയ്യാ 11,1 പറയുന്നു: ''ജസെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തു വരും, അവന്റെ വേരിൽ നിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും''. 'പൊട്ടിക്കിളിർക്കും' എന്ന ക്രിയാപദത്തിനു ഹീബ്രുവിൽ ഉപയോഗിക്കുന്നത് 'നസർ' എന്ന മൂലമാണ്. അതിന്റെ അർത്ഥം പൊട്ടിമുളയ്ക്കുക, പുഷ്പിക്കുക എന്നൊക്കെയാണ്. ജസെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരുന്നതിന് ആരംഭം കുറിക്കുന്നത് 'നസർ' എന്ന മൂലത്തിൽ നിന്നാരംഭിക്കുന്ന ഒരു നാമം ഉൾക്കൊള്ളുന്ന

നസ്രത്ത് എന്ന ഗ്രാമത്തിൽ നിന്നാണ് എന്നതു പഴയനിയമത്തിലെ മിശിഹാപ്രവചനത്തിലേക്കു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പഴയനിയമത്തിൽ ഒരിക്കൽപ്പോലും പ്രതിപാദിച്ചിട്ടില്ലാത്ത സ്ഥലമാണു നസ്രത്ത്. ഈശോയുടെ കാലത്തും തീർത്തും അപ്രധാനമെന്നു കരുതിയിരുന്ന ഒരു പ്രദേശമായിരുന്നു, സാധാരണ ജനത്തിന്റെ ഭാഷയിൽ ഒരു നന്മയും പ്രതീക്ഷിക്കാതിരുന്ന സ്ഥലം. നത്താനിയേലിന്റെ വാക്കുകളിൽനിന്നും നമുക്ക് ഇതു മനസ്സിലാകുന്നു (യോഹ 1, 46). നസ്രത്ത് എന്ന സ്ഥലം നമുക്ക് പങ്കുവച്ചു തരുന്ന ഒരു ചിന്ത ദൈവത്തിന്റെ മുമ്പിൽ എല്ലാവർക്കും ഒരു സ്ഥാനമുണ്ട് എന്നതാണ്. ഒരുപക്ഷേ മനുഷ്യരുടെ കാഴ്ചപ്പാടിൽ ഒരു സ്ഥാനവുമില്ലെങ്കിൽപോലും ദൈവത്തിന്റെ മുമ്പിൽ എല്ലാം പരിഗണിക്കപ്പെടുന്നു എന്ന മംഗളവാർത്തയാണ് നസ്രത്ത് പങ്കുവയ്ക്കുന്നത്. നസ്രത്തിലെ കന്യകയും ഇതു തന്നെയാണു പഠിപ്പിക്കുന്നത്. മറിയത്തിന്റെ മഹത്ത്വം അവളുടെ എളിമയാണ്. മറിയം പറയുന്നു: ''അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു'' (ലൂക്കാ 1,48). അപ്പോക്രിഫൽ പുസ്തകത്തിൽ മറിയം തന്റെ അമ്മയായ അന്നയോടു പറയുന്ന ഒരു ആഗ്രഹം രേഖപ്പെടുത്തുന്നു. 'മിശിഹാവന്നു പിറക്കുന്ന രാജകൊട്ടാരത്തിൽ ഒരു തോഴിയാകാനെങ്കിലും എനിക്കു സാധിച്ചാൽ മതിയായിരുന്നു'. ഈ എളിമയാണു മറിയത്തിന്റെ മഹത്ത്വം. കാരണം ദൈവത്തിന്റെ സന്നിധിയിൽ അവൾ കൃപകണ്ടെത്തിയിരിക്കുന്നു (ലൂക്ക. 1,30).''പരിശുദ്ധാത്മാവ് നിന്റെമേൽ വരും; ദൈവത്തിന്റെ ശക്തി നിന്റെമേൽ ആവസിക്കും'' എന്നാണു ദൈവദൂതൻ മറിയത്തോടു പറയുന്നത് (1,35). പരിശുദ്ധാത്മാവ്, ദൈവത്തിന്റെ ശക്തി എന്നതു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് ഉത്പത്തി 1,2 ലേക്കാണ്. സൃഷ്ടിപരമായ ദൈവത്തിന്റെ മുൻമ്പിലുള്ള മനുഷ്യന്റെ സമർപ്പണമാണു മംഗളവാർത്തകൾ സൃഷ്ടിക്കുന്നത്. ദൈവത്തിന്റെ ആത്മാവ് മറിയത്തിൽ ആവസിക്കുകയും വചനം മാംസം ധരിക്കപ്പെടുകയും ചെയ്യുന്നു. ഉത്പത്തിപ്പുസ്തകത്തിൽ വചനത്താൽ എല്ലാം സൃഷ്ടിക്കപ്പെടുന്നു. എങ്കിൽ ഇവിടെ വചനം (സ്രഷ്ടാവ്) തന്നെ സൃഷ്ടിയായി മാറുന്നു. ആ മംഗളവാർത്തയാണു മറിയത്തോടു മാലാഖ പറയുന്നത്. കാരണം ദൈവത്തിന്റെ മുമ്പിൽ ഒന്നും അസാധ്യമല്ല. ആ അനന്തമായ സാധ്യതയ്ക്കു മുമ്പിൽ സ്വയം സമർപ്പിക്കുന്നതാണ് 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് നിറവേറട്ടെ' എന്ന മറുപടിയിലൂടെ വ്യക്തമാക്കുന്നത്. ആ സമർപ്പണം മംഗളവാർത്തയായി ഭവിക്കുന്നു. ദൈവത്തിന്റെ ഹിതം ബലിയർപ്പിക്കുന്ന ഓരോ അൾത്താരയിലും നിറവേറുന്നത് ഈ മംഗളവാർത്തയാണ്. ദൈവം അപ്പമായി അവതരിക്കുന്നു. മനുഷ്യന്റെ അധ്വാനത്തിന്റെ ഫലമായ അപ്പം ദൈവത്തിനുമുമ്പിൽ അർപ്പിക്കുമ്പോൾ അവിടെ ദൈവം അവതീർണ്ണനാകുന്നു. ഇതു നമ്മെ പഠിപ്പിക്കുന്നതും 'മനുഷ്യന് അസാധ്യമാണ്, പക്ഷേ ദൈവത്തിന് സാധ്യമാണ്'

എന്നാണ്. എന്നാൽ മനുഷ്യന്റെ ഒരു സമർപ്പണം ആവശ്യമാണ്. മറിയത്തിന്റെ സ്വയം സമർപ്പണത്തിൽ മനുഷ്യനായി അവതരിച്ചവൻ ഇന്നു ബലിവേദിയിൽ നാം അർപ്പിക്കുന്ന അപ്പത്തിലും വീഞ്ഞിലും അവതരിക്കുന്നു. ബലിവേദിയിൽനിന്നും മിശിഹായെ സ്വീകരിക്കുന്നവർ മറിയത്തെപ്പോലെ മിശിഹായെ വഹിക്കുന്നവരും, മിശിഹായെ ലോകത്തിനു നൽകുന്നവരുമാകുന്നു എന്ന മംഗളവാർത്തയാണ്, അൾത്താരയിലെ ബലിവേദിയിൽ നിന്നും നാം ഉൾക്കൊള്ളേണ്ടത്.

SMCC-VACHANAVEDI http://www.syromalabarcatechesis.org

# വിനയവതിയുടെ സുവിശേഷം

**വി**നയവതി കാതലായതിനു സമ്മതം നല്കി തന്റെ ജീവിതത്തെ ദൈവതിരുമനസ്സിനു കീഴ്പ്പെടുത്തിയതാണ് മംഗളവാർത്ത (ലൂക്ക1:26-38). വിശ്വാസചരിത്രം വിനയത്തിന്റെ ചരിത്രമാണ്. ഈശോയുടെ ജനനം എന്ന ചരിത്രസംഭവത്തിനു ഹേതുവായ മംഗളവാർത്തയിൽ വിനയപ്പെടലുണ്ട്. സംഭവം രഹസ്യമായിരിക്കണം. ഓരോ സംഭവത്തിന്മേലും പരിശുദ്ധാത്മാവിന്റെ നിഴൽ വീഴണം. രക്ഷാകരസംഭവം മുഴുവൻ വിനയത്തിന്റെ പാതയിലാണു സഞ്ചരിക്കുന്നത്. ദൈവം വിനീതനാകുന്നു; തന്നെത്തന്നെ താഴ്ത്തുന്നു. താഴ്ന്നിറങ്ങുന്ന ദൈവത്തിലേക്ക് വിനീതർ ചേർന്നു നില്ക്കുന്നു. സഖറിയായ്ക്ക് രക്ഷകന്റെ മുന്നോടിയുടെ ജന്മദൂതുമായി കടന്നുവന്ന ഗബ്രിയേൽ (ദൈവത്തിന്റെ ശക്തി) ആറാം മാസത്തിൽ മറിയത്തിന്റെ അടുക്കലെത്തി. സംസാരിക്കുന്നത് ദൈവം; അധരം ഗബ്രിയേലിന്റേത്. ദൈവദൂത വചസ്സുകളിലേക്ക് നമ്മുടെ മനസ്സുകളെ തിരിക്കാം.

“ദൈവകൃപ ലഭിച്ചവളേ സ്വസ്തി'(1:28). മറിയം ദൈവകൃപ ലഭിച്ചവളായിരുന്നു. അതിനാൽ സംബോധനയെത്തുടർന്ന് ദൂതൻ ആവർത്തിക്കുന്നു. “ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു(1:30). ദൈവം മനുഷ്യനിലേക്ക്-രക്ഷാകരചരിത്രത്തിലേക്ക്- കുനിഞ്ഞിറങ്ങുന്നതാണ് കൃപ. ദൈവികപദ്ധതികളുടെ പരിപൂർത്തിക്കായി മനുഷ്യനോടൊപ്പം ദൈവം കൂടാരമടിക്കുന്നതാണ് കൃപ. നമ്മുടെ അടുത്തെത്തുന്നതിന് ദൈവത്തിന്റെ മുഴുവൻ സ്നേഹവും എളിമയുടെ പാതയിൽ സഞ്ചിരിക്കുന്നു. തന്റെ ജനത്തോടൊപ്പം നടന്ന ദൈവം ജനത്തിന്റെ കൂടെ വസിക്കാൻ മറിയത്തിലേക്കു വരുന്നു. കൃപയുടെ തികവാണിത്. കൃപയെ ആരാണു നിരസിക്കുക? ഞാൻ അവിടുത്തെ ഗർഭം ധരിച്ചതിനാൽ, സൗഖ്യം പ്രാപിച്ച അനേകരെക്കാൾ സന്തോഷിക്കുന്നു. അവിടുന്നു ധന്യരാക്കിയ അനേകരെക്കാൾ എന്നെ

ധന്യയാക്കി. ഞാൻ അവിടുത്തെ അമ്മയായിരിക്കണമെന്നു തിരുമനസ്സാകുകയും അവിടുന്ന് എന്റെ ശിശുവായിരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. (മനുഷ്യാവതാരഗീതങ്ങൾ 2:7). കൃപയുടെ നിറവിൽ ശങ്കിക്കാതെ മറിയത്തിന്റെ അധരത്തിൽ വി.അപ്രേം ഈ കീർത്തനം ചേർത്തുവച്ചു.

"കർത്താവു നിന്നോടുകൂടെ'(1:28). മറിയത്തിന്റെ ജീവിതം കർത്താവിനോടും കർത്താവു മറിയത്തോടും ഒട്ടിനിന്നു. മറിയം കർത്താവിന്റെ കൂടെയായിരുന്നു; കർത്താവ് മറിയത്തിന്റെ കൂടെയും. കൂടെയുള്ളവനെപ്രതി ശങ്കിക്കാനോ പരിഭ്രമിക്കാനോ ആർക്കാവും! ഗബ്രിയേൽ എന്റെ ദരിദ്ര സന്നിധിയിൽ പ്രവേശിച്ച ദിവസം അവൻ എന്നെ ഉടൻ തന്നെ സ്വതന്ത്രയും ദാസിയുമാക്കി. കാരണം എന്റെ നാഥാ, എന്റെ പുത്രാ ഞാൻ നിന്റെ ദൈവത്വത്തിന്റെ ദാസിയാണ്. മനുഷ്യത്വത്തിന്റെ മാതാവും'(മനുഷ്യാവതാരഗീതങ്ങൾ 5:20). കർത്താവ് കൂടെയുള്ളവൾ സ്വതന്ത്രയാണ്. ദൈവത്തോടുകൂടെ നില്ക്കുന്നതാണ് സ്വാതന്ത്ര്യത്തിന്റെ ഗരിമ. ദൈവത്വത്തിന് ദാസിയാവുകയാണ് മംഗളവാർത്താസമ്മതത്തിൽ മറിയം. ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എന്നിൽ സംഭവിക്കട്ടെ' (1:38). ദാസിയായി സ്വയം സമർപ്പിച്ചവൾ ദൈവപുത്രന്റെ മാതാവാകുകകൂടിയാണ്. കർത്താവ് അവൾക്ക് നാഥനും പുത്രനുമാകുന്നു. ദൈവത്തിനുള്ള ദാസ്യത്വമാണ് സ്വാതന്ത്ര്യത്തിന്റെ പരിപൂർണ്ണത.

*"നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും'(1:31). സ്ത്രീ പ്രകൃതിയാണ്. മറിയം* മനുഷ്യപ്രകൃതിയുടെ ഏകഭിമാനവും. പ്രകൃതിയുടെ സ്രവം പ്രസവം. സ്ത്രീ പ്രസവിക്കുന്നത് കുഞ്ഞിനെ. അവൾ ഒരു അമ്മയെക്കൂടി പ്രസവിക്കുന്നു. സ്വയം അമ്മയായിത്തീരുന്നു. സ്ത്രീഹൃദയത്തിന്റെ ഏറ്റവും അഗാധമായ അഭിലാഷം തന്നെത്തന്നെ സ്നേഹപൂർവ്വം നല്കാനായിരിക്കും.സ്ത്രീയുടെ നിത്യഭാഗധേയത്വത്തിന്റെ സാരവത്തായ പ്രത്യേകതയാണിത്. തന്നെത്തന്നെ നല്കുന്നത് സ്വീകരിക്കാൻ ദൈവത്തിനു മാത്രമേ കഴിയൂ എന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെ സമ്പൂർണ്ണമായ കീഴടങ്ങൽ, വിധേയത്വം സ്വാഗതം ചെയ്യാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. ആ തിരിച്ചറിവിലാണ് മറിയം നിന്റെ വാക്കുപോലെ സംഭവിക്കട്ടെ എന്നു സമ്മതമരുളിയത്. മറിയം ഭാഗ്യവതിയാണ്; കാരണം, അവൾ ആവശ്യപ്പെടാതെ തന്നെ നീ പാവനമായി അവളുടെ ഉദരത്തിൽ പാർത്തു. 'തന്നെ സ്വീകരി ക്കുന്നവരിലേക്ക് തന്നെത്തന്നെ ചൊരിയുന്ന ദാനം' (മനുഷ്യാവതാരഗീതങ്ങൾ 8:14). ദൈവത്തെ സ്വീകരിക്കാൻ സജ്ജരും സന്നദ്ധരുമായവരെ സ്വയം ദാനത്താൽ അവിടുന്ന് തൃപ്തരാക്കുന്നു. ദൈവികതയുടെ കാമ്പിനെ ഗ്രഹിച്ചുകൊണ്ടുള്ള മറിയത്തിന്റെ വാക്കുകളും നിലപാടുകളും മനുഷ്യനിലേക്കു കുനിഞ്ഞിറങ്ങാൻ (കൃപ) വെമ്പുന്ന അനശ്വരതയുടെ കാതലിനോട് സന്ധിച്ചതാണ് മംഗളവാർത്ത. മംഗളവാർത്തവേളയിൽ മറിയം ദൈവമാതാവായി.

ഇത് മറിയത്തിന്റെ ദൈവികമായ മുന്നേറ്റമായിരുന്നു. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം 'മുന്നേറുക എന്നു പറഞ്ഞാൽ തങ്ങളെത്തന്നെ താഴ്ത്തുക എന്നാണ് അർത്ഥം'(ഫ്രാൻസീസ് പാപ്പ, ഏപ്രിൽ 8 തിങ്കൾ). ദൈവം തിരഞ്ഞെടുത്ത എളിമയുടെ പാത ഇന്നിന്റെ മക്കൾക്കും സ്വീകാര്യമാകണ്ടേ? ഫ്രാൻസീസ് പാപ്പ തുടരുന്നു: സ്ഥിരത കാട്ടുക, മുമ്പോട്ടു പോകുക, തന്നെത്തന്നെ താഴ്ത്തുക. ഇതല്ലാതെ വേറെ പാതയില്ല.